# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1261** **10.08.2017 ൽ മറുപടിയ്ക്ക്**

## മൂന്നാർ കയ്യേറ്റമൊഴിപ്പിക്കൽ

**ചോദ്യം**

**ശ്രീ.പി.സി. ജോർജ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | മൂന്നാർ കയ്യേറ്റമൊഴിപ്പിക്കൽ നടപടിയുടെ ഭാഗമായി ഇപ്പോൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച വരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; കയ്യേറ്റമൊഴിപ്പിക്കൽ നടപടി നിർത്തിവച്ചോ; | (എ) സർക്കാർ ഭൂമിയിലെ കയ്യേറ്റമൊഴിപ്പിക്കൽ നടപടികൾ കെ.ഡി.എച്ച് ആക്റ്റിന്റെയും ഭൂസംരക്ഷണ നിയമത്തിന്റെയും അടിസ്ഥാനത്തിൽ തുടർന്നുവരുന്നു. ഭൂസംരക്ഷണ നടപടികൾ നിർത്തിവെച്ചിട്ടില്ലാത്തതും സ്ഥല പരിശോധനകൾ, രേഖാ പരിശോധനകൾ എന്നീ തുടർനടപടികൾ പുരോഗമിച്ച് പോരുന്നതുമാണ്. |
| (ബി) | ഇവിടെ എത്ര കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇത് ഏതൊക്കെ എന്നും ആരൊക്കെയാണ് സ്ഥലം കയ്യേറിയതെന്നും വിവിധ സ്ഥലത്തിന്റെ പേരും, ആൾക്കാരുടെ അഡ്രസ്സും സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി)സർക്കാർ ഭൂമിയിന്മേലുള്ള അനധികൃത കയ്യേറ്റങ്ങൾ സംബന്ധിച്ച് വസ്തുനിഷ്ഠവും, കൃത്യവുമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിക്കുന്നതിലേയ്ക്കായി സ്ഥല പരിശോധനകൾ, രേഖാ പരിശോധനകൾ എന്നിവ സമയബന്ധിതമായി നടത്തി കൈയ്യേറ്റക്കാരുടെ പേരുവിവരങ്ങളും, ഭൂമിയുടെ വിശദാംശങ്ങളും സഹിതമുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കുന്നതിന് തഹസീൽദാർമാർക്കും, വില്ലേജ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നടപടികൾ പുരോഗമിച്ചു വരുന്നതും അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ലാത്തതുമാണ്. |
| (സി) | ഈ സർക്കാർ നാളിതുവരെ എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് തിരിച്ച് പിടിച്ചിട്ടുണ്ട്; കയ്യേറിയവരുടെ പേരും അഡ്രസ്സും സഹിതം ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി)ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇടുക്കി ജില്ലയിൽ സർക്കാർ ഭൂമി കൈയ്യേറിയിട്ടുള്ളതായ 83 കേസുകളിലായി 155.5155 ഹെക്ടർ ഭൂമി തിരിച്ച് പിടിച്ചിട്ടുള്ളതാണ്. മൂന്നാർ മേഖലയിൽപ്പെട്ട സർക്കാർ ഭൂമിയിലുള്ള അനധികൃത കൈയ്യേറ്റക്കാർ പലരും കൈയ്യേറിയ സർക്കാർ ഭൂമിയിൽ അനധികൃതമായി ഷെഡ് വയ്ക്കുകയും, കൃഷി ചെയ്യുകയും ചെയ്തു വരുന്നതും കൈയ്യേറ്റമൊഴിപ്പിക്കുവാൻ ചെല്ലുന്ന സമയങ്ങളിൽ പ്രസ്തുത സ്ഥലത്ത് ഹാജരാകാതിരിക്കുന്നതിനാലും ഇപ്രകാരമുള്ള കയ്യേറ്റങ്ങൾ സമ്മറിയായി ഒഴിപ്പിക്കുകയും ചെയ്യുന്നതിനാലും ഒഴിപ്പിക്കൽ നടപടികൾ സ്വീകരിച്ച എല്ലാ കേസുകളും സംബന്ധിച്ച് പേരും മേൽ വിലാസവും |

| | | |
|---|---|---|
| | | സഹിതമുള്ളതായ പൂർണ്ണമായ ഒരു പട്ടിക ക്രോഡീകരിച്ച് സൂക്ഷിക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. |
| (ഡി) | മൂന്നാർ കയ്യേറ്റം സംബന്ധിച്ച് മുൻ സബ്കളക്ടർ എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഡി)മൂന്നാർ കയ്യേറ്റം സംബന്ധിച്ച് മുൻ സബ് കളക്ടറുടെ റിപ്പോർട്ടൊന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഇ) | മുഖം നോക്കാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ സത്യസന്ധമായ അടിയന്തര നടപടികൾ ഉടൻ സ്വീകരിയ്ക്കുമോ എന്ന് വെളിപ്പെടുത്താമോ? | (ഇ)1971 ലെ കണ്ണൻ ദേവൻ മലകൾ (ഭൂമി വീണ്ടെടുക്കൽ), 1957-ലെ കേരളാ ഭൂസംരക്ഷണം എന്നീ നിയമങ്ങളുടേയും ചട്ടങ്ങളുടെയും, 2008 ലെ കേരള ഭൂസംരക്ഷണ നിയമ (ഭേദഗതി 2009) പ്രകാരമുള്ള ശിക്ഷാ നടപടികളുടേയും അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റമൊഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ